LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ കുടിശ്ശിക തീർക്കാൻ നടപടി

136 [900] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനം മാസങ്ങളായി കുടിശ്ശികയായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത്; കുടിശ്ശിക തീർത്ത് നൽകുന്നതിന് എന്ത് തുക വേണ്ടി വരും എന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരുടെ എണ്ണം എത്രയാണ് ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ രഹിത വേതനം എല്ലാ മാസവും 1-ാം തീയതി തന്നെ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 2005 ജൂൺ വരെയുള്ള കുടിശ്ശിക വേതനം നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2006 ഫെബ്രുവരി 1-ാം തീയതിയിലെ തൊഴിൽ രഹിത വേതന വിതരണത്തിനുശേഷം 12 മാസത്തെ വേതനം കുടിശ്ശികയായി വരും. കുടിശ്ശിക തീർത്ത് നൽകുന്നതിന് 48,94,25,760 രൂപ വേണ്ടി വരും.

(ഡി) തൊഴിൽ രഹിത വേതനത്തിന് അർഹരായവരുടെ എണ്ണം 3,39,879 ആണ്. ഗുണഭോക്താക്കളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു :

1.	തിരുവനന്തപുരം	66482
2.	കൊല്ലം	53253
3.	ആലപ്പുഴ	48805
4.	പത്തനംതിട്ട	10213
5.	കോട്ടയം	22873
6.	ഇടുക്കി	11053
7.	എറണാകുളം	19778
8.	തൃശ്ശൂർ	17205
9.	പാലക്കാട്	10664
10.	മലപ്പുറം	19262
11.	കോഴിക്കോട്	35333
12.	വയനാട്	4091
13.	കണ്ണൂർ	14013
14.	കാസറഗോഡ്	6854
	ആകെ	339879